# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4800 — 27.10.2016 ൽ മറുപടിക്ക്

## കുറ്റിപ്പുറം, കോട്ടക്കൽ റസ്റ്റ്ഹൗസുകൾക്ക് പുതിയ കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയുടെ അരികിൽ സ്ഥിതി ചെയ്യുന്നതും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അതിഥികൾ താമസിക്കുന്നതുമായ കുറ്റിപ്പുറം, കോട്ടക്കൽ റസ്റ്റുഹൗസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ എന്തെങ്കിലും പ്രൊപ്പോസലുകൾ വകുപ്പിലുണ്ടോ; വിശദമായ വിവരം & ലഭ്യമാക്കുമോ;<br><br>(ബി) പ്രസ്തുത റസ്റ്റുഹൗസുകൾക്ക് സ്വന്തമായി എത്ര സെൻറ് സ്ഥലം ഉണ്ട്, ഇവിടെ ആധുനിക സൗകര്യങ്ങളുള്ള പുതിയ കെട്ടിടങ്ങളും, കോൺഫറൻസ് ഹാളും നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) ഈ ഇനത്തിൽ സർക്കാർ എന്തെങ്കിലും തുക മാറ്റിവെച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ? | (എ), (ബി) (സി)<br><br>**കുറ്റിപ്പുറം റസ്റ്റ്ഹൗസ്**<br>മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 ലെ ബഡ്ജറ്റിൽ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി റസ്റ്റ് ഹൗസിന് 89 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം അപര്യാപ്തമായതിനാൽ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ കഴിയുകയുള്ളൂ.<br><br>**കോട്ടക്കൽ റസ്റ്റ്ഹൗസ്**<br>കോട്ടക്കൽ റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തി-യിട്ടില്ല. ടി റസ്റ്റ്ഹൗസിന് 103 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Omaden

സെക്ഷൻ ഓഫീസർ